**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5009** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ വസ്തു നികുതി സ്വീകരിക്കുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനങ്ങൾ വസ്തു നികുതി ഓൺലൈനായി ഒടുക്കുന്നതിൽ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | സെർവർ സ്പീഡിന്റെ അപര്യാപ്തത മൂലം പൊതുജനങ്ങൾ ഭൂനികുതി ഓൺലൈനായി ഒടുക്കുന്നതിൽ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. PM Kisan പദ്ധതിയുമായി ബന്ധപ്പെട്ട് കർഷകർ പി.എം.കിസാൻ പോർട്ടലിലൂടെ ReLIS മായി ബന്ധപ്പെടുന്നത് വഴി CPU Usage വളരെ കൂടുതലായതിനാൽ ആയത് റെലിസിന്റെ പൊതുവായ പ്രവർത്തനങ്ങളെ ബാധിക്കുന്നതുകൊണ്ട് CPU പരിധി ഉയർത്തണമെന്ന് NIC 23/05/2022ന് അറിയിച്ചിരുന്നു. നടപടികൾ ഡാറ്റ സെന്ററുമായി ബന്ധപ്പെട്ടു സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | ആപ്ലിക്കേഷൻ സെർവറിന്റെയും, ഡി.ബി.സെർവറിന്റെയും CPU പരിധി ഉയർത്തിയിട്ടുണ്ട്. കൂടാതെ 03/06/2022ന് NIC, KSITM എന്നിവരുമായി യോഗം കൂടിയിട്ടുള്ളതും ശാശ്വതമായ പരിഹാരത്തിനായി സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ പഴയ സെർവറിൽ നിന്നും പുതിയ സെർവറിലേയ്ക്ക് migrate ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. Migration നടപടികൾ പൂർത്തിയായിട്ടുണ്ട്. തുടർന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഇഷ്യൂസ് പരഹരിച്ചു വരുന്നു. |
| (സി) | ഇപ്രകാരം സംസ്ഥാനത്താകെ എത്ര അപേക്ഷകൾ തീർപ്പാക്കുന്നതിന് ബാക്കിയുണ്ട് ; അപേക്ഷകളുടെ വിവരം അറിയിക്കാമോ; | (സി) | സംസ്ഥാനത്താകെ ഈ സാമ്പത്തിക വർഷം ഓൺലൈനായി മാത്രം നികുതി അടയ്ക്കുവാൻ 41,55,462 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 40,42,766 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ശരാശരി 35,000 ഓളം അപേക്ഷകൾ ദിവസേന ലഭിക്കുന്നുണ്ട്. ആയതിനാൽ തീർപ്പാക്കുവാൻ അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം വ്യത്യാസപ്പെട്ടു കൊണ്ടിരിക്കും. |
| (ഡി) | ഇത്തരത്തിൽ പട്ടാമ്പി മണ്ഡലത്തിൽ എത്ര | (ഡി) | പട്ടാമ്പി താലൂക്കിൽ ഈ സാമ്പത്തിക വർഷം |

| | | | |
|---|---|---|---|
| | അപേക്ഷകളാണ് ലഭിച്ചത്; തീർപ്പാക്കിയ അപേക്ഷകൾ എത്ര; തീർപ്പാക്കുന്നതിന് ബാക്കിയുള്ളവ എത്ര; വ്യക്തമാക്കുമോ ? | | ഓൺലൈനായി മാത്രം നികുതി അടയ്ക്കുവാൻ 12/07/2022 തീയതി വരെ 25,512 അപേക്ഷകൾ ലഭിച്ചതിൽ 24,222 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 1290 അപേക്ഷകൾ തീർപ്പാക്കുന്നതിന് ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ